പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3147 13.07.2015-ൽ മറുപടിക്ക്

## കുട്ടനാട്ടിലേക്കുള്ള കെ.എസ്.ആർ.ടി.സി ബസ് സർവ്വീസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോമസ് ചാണ്ടി : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | കുട്ടനാട്ടിലേക്കുള്ള കെ.എസ്. ആർ.ടി.സി ബസ് സർവ്വീസുകൾ കളക്ഷൻ കുറവാണെന്ന കാരണത്താൽ റദ്ദ് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വരുമാനക്കുറവാണെന്ന കാരണത്താൽ കുട്ടനാട്ടിലേക്കുള്ള സർവ്വീസുകൾ റദ്ദ് ചെയ്യാറില്ല. എന്നാൽ ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുമ്പോൾ ചില സർവ്വീസുകൾ താൽക്കാലികമായി റദ്ദ് ചെയ്യാറുണ്ട്. |
| (ബി) | എടത്വാ ഡിപ്പോയിൽ നിന്നുള്ള പൂപ്പള്ളി-ചമ്പക്കുളം സ്റ്റേ ബസ് കളക്ഷൻ കുറവാണെന്ന കാരണത്താൽ റദ്ദ് ചെയ്തത് പുനരാരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) | പൂപ്പള്ളി-ചമ്പക്കുളം സർവ്വീസ് ചങ്ങനാശ്ശേരിയിൽ നിന്നുമാണ് നടത്തിവരുന്നത്. 5000 രൂപക്ക് താഴെയായിരുന്നു ടി സർവ്വീസിന് നേരത്തെ ലഭ്യമായിരുന്ന വരുമാനം. ആയതിനാൽ ടി സർവ്വീസ് പുനഃക്രമീകരിച്ച് ട്രിപ്പുകൾ കൂടുതലാക്കി ചമ്പക്കുളത്തേക്ക് അയച്ചപ്പോൾ 5000 രൂപക്ക് മുകളിൽ വരുമാനം ലഭ്യമായി തുടങ്ങിയിട്ടുണ്ട്. |
| (സി) | കുട്ടനാട്ടിലേക്കുള്ള ഏതെല്ലാം സർവ്വീസുകളാണ് കളക്ഷൻ കുറവാണെന്ന കാരണത്താലും ബസ്സുകൾ ഇല്ലാത്തതിനാലും നിർത്തലാക്കപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (സി) | ബസ്സുകളുടെ കുറവ് കാരണം 06.50 മണി എടത്വ-ആലപ്പുഴ, 06.15 മണി എടത്വ-അർത്തിശ്ശേരി, 06.00 മണി എടത്വ-തിരുവല്ല, 06.00 മണി എടത്വാ-കുന്നുമ്മ, 06.45 ആലപ്പുഴ-പുളിങ്കുന്ന് എന്നീ സർവ്വീസുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. |
| (ഡി) | എടത്വാ ഡിപ്പോയിൽ നിന്നും പുതിയതായി ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ ആരംഭിച്ചപ്പോൾ ഓർഡിനറി ബസ്സുകൾ പിൻവലി | (ഡി) | 5 വർഷം കാലാവധി പൂർത്തിയാക്കിയ 2 ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ ഓർഡിനറിയായി കൺവെർട്ട് ചെയ്തപ്പോൾ പകരം പുതിയ 2 ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ നൽകുകയും, |

| | |
|---|---|
| ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് റദ്ദ് ചെയ്ത് ഫീസിബിലിറ്റി ലഭ്യമായ എടത്വാ ഡിപ്പോയിൽ നിന്നും ബസ്സ് സർവ്വീസുകൾ ഭാവിയിൽ ക്രമീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ? | കൺവെട്ട് ചെയ്ത ബസ്സുകളിൽ ഒരെണ്ണം എടത്വയിൽ നിലനിർത്തിയിട്ട് മറ്റൊരെണ്ണം ബസ് തീരെ കുറവുള്ള പാപ്പനംകോട് യൂണിറ്റിന് നൽകുകയുമാണുണ്ടായത്. ആയതിനാൽ മേൽ നടപടി റദ്ദ് ചെയ്യുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ